KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**PRESS RELEASE**

## "K" becomes brand image for all entities of Kerala Industries Dept

- **Industries Minister P Rajeeve unveils new brand image**

**Thiruvananthapuram, May 14:** All establishments under the Department of Industries & Commerce and Public Sector Undertakings (PSUs) in Kerala will carry the common branding element "K" in the light green shade of the coconut leaf, giving greater visibility to the state's sustainable and competitive entrepreneurial landscape.

Minister for Industries, Law and Coir Shri P Rajeeve unveiled the new brand image, which encapsulates the resurgent entrepreneurial spirit of Kerala, at a function at the Kerala State Industrial Development Corporation's (KSIDC) office here.

Principal Secretary, Industries & Commerce, Shri APM Mohammed Hanish; KSIDC MD Shri Mir Mohammed Ali; Director (Industries and Commerce), Shri Vishnuraj P and Shri Santhosh Koshy Thomas, MD, Kerala Industrial Infrastructure Development Corporation (KINFRA) were among those present.

Speaking on the occasion, Shri Rajeeve said "the rebranding initiative resulted from the idea of giving greater visibility to the on-ground transformation of our industrial landscape, while highlighting the state's unique identity", he added.

The nature of business in Kerala has undergone a profound transformation with the state now emerging as a highly preferred destination for sustainable and knowledge-based enterprises that leverage human resources familiar with advanced technology, he said.

As part of the initiative, all institutions under the Industries Department including Directorate of Industries and Commerce and its district, taluk and block level offices, KSIDC, KINFRA, Kerala Bureau of Industrial Promotion (K-bip), all Public Sector enterprises as well as the Directorate of Coir and cashew units will receive a visible facelift, the Minister said.

"The state has been pro-actively pushing its policies based on the motto 'Nature, People, and Industry' and a slew of new policies were implemented under this vision," said Shri APM Mohammed Hanish. The rebranding aims to give a common brand image to represent the new integrated efforts of the industrial department, he added.

Explaining key features of the brand image, Shri Mir Mohammed Ali noted said the letter "K", the central element in the mnemonic, stands for 'Kerala and the Community. The entire branding is in shades of Kerala's signature green, reflecting the state's natural beauty and growth while the two sleek, curved arrows symbolise speed and growth.

The whole mnemonic conveys the sense of trustworthiness that the establishments meet high standards, he added.

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**പത്രക്കുറിപ്പ്** **14.05.2025**

## പ്രവർത്തനങ്ങൾക്കും നയങ്ങൾക്കും പൊതുരൂപം നൽകുന്ന റീബ്രാൻഡിംഗുമായി വ്യവസായ വകുപ്പ്

- **നൂതന വ്യവസായങ്ങളുടെ കേന്ദ്രമായി മാറുന്ന കേരളത്തിന് പുതിയ മുഖം നൽകാൻ റീബ്രാൻഡിംഗിലൂടെ സാധിക്കും: മന്ത്രി പി.രാജീവ്**

**തിരുവനന്തപുരം:** വ്യവസായ മേഖലയിൽ കേരളം നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്കും നയപരിപാടികൾക്കും പൊതുരൂപം നൽകുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ റീബ്രാൻഡിംഗ് പ്രഖ്യാപനം വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് നടത്തി. റീബ്രാൻഡിംഗ് ലോഗോയുടെ പ്രകാശനവും മന്ത്രി നിർവ്വഹിച്ചു.

വ്യവസായ മേഖലയുടെ സ്വഭാവം ഗുണകരമായി മാറ്റാൻ കേരളത്തിനായെന്നും ലോകം ശ്രദ്ധിക്കുന്ന നിക്ഷേപകേന്ദ്രമായി കേരളം ഉയരുകയാണെന്നും മന്ത്രി പറഞ്ഞു. വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങളിലും ഉള്ളടക്കത്തിലും മാറ്റം പ്രകടമാണ്. വേഗതയിൽ കാര്യങ്ങൾ തീരുമാനിക്കാനും നടപ്പാക്കാനുമുള്ള സംവിധാനം സാധ്യമായിക്കഴിഞ്ഞു. പ്രകൃതിയോട് ചേർന്നതും അറിവ് മൂലധനമായി മാറുന്നതുമായ വ്യവസായങ്ങൾ, ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള മാനവവിഭവ ശേഷി ആവശ്യമായി വരുന്ന വ്യവസായങ്ങൾ, പുതുതലമുറ വ്യവസായങ്ങൾ എന്നിവയുടെയെല്ലാം കേന്ദ്രമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. ഈ കാഴ്ചപ്പാട് മുൻനിർത്തിയാണ് റീബ്രാൻഡിംഗ് സാധ്യമാക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

റീബ്രാൻഡിംഗിലൂടെ വ്യവസായ വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളും ബോർഡുകൾ ഉൾപ്പെടെ പുന:ക്രമീകരിക്കും. വ്യവസായ ഡയറക്ടറേറ്റ്, ഡയറക്ടറേറ്റിനു കീഴിലുള്ള ജില്ലാ, താലൂക്ക്, ബ്ലോക്ക് തല ഓഫീസുകൾ, കെഎസ്ഐഡിസി, കിൻഫ്ര, കെ-ബിപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ, കശുവണ്ടി എന്നിവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവയെല്ലാം മാറ്റത്തിന് വിധേയമാകും. ഒറ്റനോട്ടത്തിൽ മാറ്റം പ്രകടമാകുന്ന റീബ്രാൻഡിംഗ് ആണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

പരിസ്ഥിതി, സമൂഹം എന്നിവയെ പരിഗണിച്ചുകൊണ്ടുള്ള സുസ്ഥിര വികസന നയമാണ് വ്യവസായ മേഖലയിൽ കേരളം നടപ്പിലാക്കുന്നതെന്ന് വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു. ഇതിന്റെ ഭാഗമായി വ്യത്യസ്ത നയങ്ങളും സംസ്ഥാനം കൊണ്ടുവന്നു. ഇതിനെല്ലാം ഏകരൂപം നൽകാനുള്ള സമഗ്ര റീബ്രാൻഡിംഗ് ആണ് വകുപ്പ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

റീബ്രാൻഡിംഗ് ലോഗോയിലെ 'കെ' എന്നത് കേരള സമൂഹത്തെ പ്രതിനിധാനം ചെയ്യുന്നുവെന്ന് കെഎസ്ഐഡിസി എംഡി മിർ മുഹമ്മദ് അലി പറഞ്ഞു. 'ആരോ മാർക്ക്' സൂചകം വ്യവസായ മേഖലയുടെ വേഗതയെയും വളർച്ചയെയും കാണിക്കുന്നു. പരിസ്ഥിതിയെ ഉൾക്കൊള്ളുന്ന കേരളത്തിന്റെ വ്യവസായ മാതൃക, പരമാവധി വേഗത്തിലും കാര്യക്ഷമതയിലും വ്യവസായ നിക്ഷേപം സാധ്യമാകുന്ന കേന്ദ്രം തുടങ്ങിയ ആശയങ്ങളും റീബ്രാൻഡിംഗ് ലോഗോയിൽ ഉൾക്കൊള്ളുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ വിഷ്ണുരാജ് പി, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ് എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**Press Release**

## Minister Rajeeve opens R&D facility of deep-tech VC brand Dynimated

**Kochi, May 19**: Deep-tech visual communication brand Dynimated (DYND) unveiled its 'Innovention Hub' (IH) near Aluva, as Industries Minister Shri P. Rajeeve inaugurated the state-of-the-art facility with focus on research and development besides the creation and generation of intellectual property.

A world-class space for innovative ideas, knowledge acquisition, learning, creation and discovery, the IH aims to emerge as a center of innovation as well as invention, wooing researchers, technology enthusiasts, artists and businesses.

Shri Rajeeve, while speaking at the ceremony at Alangad on Sunday evening, expressed Kerala's pride in DYND's move as a world-class company providing technical services to Jackie Chan films to open a hub in the state. "This gives professionals, technologists and creative minds, including musicians, from across continents a chance to create world-class works using latest technology," he noted. "DYND has created a space for everyone to come up with creative works without profit, with a free software perspective."

IH is DYND's flagship offering, billed as the first-of-its-kind 'phygital' (physical+digital) property. It blends intellectual and physical assets into one, layered with multiple asset classes: real estate, tech hardware, software, digital content and media. Using their pioneering futuristic technologies such as holography, blockchain and augmented reality, DYND seeks to revolutionise immersive visual experiences, with their patented technologies, design and processes, according to top functionaries of the company.

DYND Founder Changez Khan described the IH as an "open invitation" to researchers, entrepreneurs and visionary content creators. "We welcome everyone to step beyond traditional boundaries and experience the new realities and dimensions that the Innovation Hub offers," he added.

Others present at the function included Block Panchayat President Remya Thomas, Alangad Panchayat President P.A. Manuf and DYND Managing Director Merlyn Toppo.

With the launch of IH, DYND merges technology, art and imagination into an "extraordinary and interdimensional space" that presents its users a "real realm of surreal" by dissolving boundaries for creativity to thrive. "Our philosophy is to merge nature and future into a new technological reality that is futuristic as well as artistic and aesthetic, utilising indigenous methodologies of spatial designing," according to Khan. "We are integrating AI and robotics in our projects and creations, and stepping into the realm of quantum computing for our future endeavours."

**ENDS**

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**പത്രക്കുറിപ്പ്** **19.05.2025**

## ആഗോള പ്രശസ്തമായ ദൃശ്യ-ശ്രാവ്യ-ആശയവിനിമയ സാങ്കേതിക ബ്രാൻഡായ ഡൈനമേറ്റഡിന്റെ 'ഇനോവെൻഷൻ ഹബ്ബ്' ആലങ്ങാട്

**കൊച്ചി:** ആഗോള പ്രശസ്തമായ ദൃശ്യ-ശ്രാവ്യ ആശയവിനിമയ ബ്രാൻഡായ ഡൈനമേറ്റഡിന്റെ 'ഇനോവെൻഷൻ' ഹബ്ബ് എറണാകുളം ജില്ലയിലെ ആലങ്ങാട് ആരംഭിച്ചു. സംസ്ഥാന വ്യവസായ-നിയമ-കയർ മന്ത്രി പി രാജീവ് ഹബ്ബിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഗവേഷണം, വികസനം, ബൗദ്ധിക സ്വത്തവകാശം, തുടങ്ങിയ മേഖലകളിൽ ഇനോവെൻഷൻ ഹബ്ബ് പ്രവർത്തിക്കും.

നൂതന ആശയങ്ങൾ രൂപപ്പെടുത്താനുമുള്ള ലോകോത്തര ഇടം, വിജ്ഞാന സമ്പാദനം, പഠിക്കാനും, സൃഷ്ടിക്കാനും, കണ്ടുപിടിക്കാനുമുള്ള ഇടം എന്നിവ ഇവിടെയുണ്ട്. ഭാവിയിലേക്ക് മുന്നേറാൻ തയ്യാറുള്ള ഗവേഷകർ, സാങ്കേതികവിദ്യാ തത്പരർ, കലാകാരന്മാർ, ബിസിനസ്സുകൾ എന്നിവരെ ആകർഷിക്കുന്ന ഇനോവെൻഷൻ ഹബ്ബ് കണ്ടുപിടുത്തങ്ങളുടെയും നൂതന ആശയങ്ങളുടെയും കേന്ദ്രമായി മാറാനാണ് ലക്ഷ്യമിടുന്നത്.

ജാക്കി ചാൻ സിനിമകൾക്കടക്കം സാങ്കേതികസേവനം നൽകിയിട്ടുള്ള ഡൈനമേറ്റഡ് പോലുള്ള ലോകോത്തര കമ്പനി കേരളത്തിൽ ഇനോവെൻഷൻ ഹബ്ബ് തുടങ്ങിയത് അഭിമാനാർഹമായ കാര്യമാണെന്ന് പി രാജീവ് പറഞ്ഞു. ലോകത്തെമ്പാടുമുള്ള പ്രൊഫഷണലുകൾ, സാങ്കേതികവിദഗ്ധർ, സർഗ്ഗാത്മക പ്രവർത്തകർ, സംഗീതജ്ഞർ തുടങ്ങിയവർക്ക് ഏറ്റവും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ലോകോത്തര സൃഷ്ടികൾ നടത്താനുള്ള അവസരമാണ് ഇതിലൂടെ കൈവന്നിരിക്കുന്നത്. സ്വതന്ത്ര സോഫ്റ്റ് വെയർ കാഴ്ചപ്പാടോടെ ലാഭേച്ഛ കൂടാതെ എല്ലാവർക്കും സർഗ്ഗാത്മക സൃഷ്ടികൾ നടത്താനുള്ള ഇടമാണ് ഡൈനമേറ്റഡ് ഒരുക്കിയിരിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ബൗദ്ധികവും ഭൗതികവുമായ ഘടകങ്ങളായ റിയൽ എസ്റ്റേറ്റ്, ടെക് ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ, ഡിജിറ്റൽ ഉള്ളടക്കം, മീഡിയ എന്നിവയെ കൂട്ടിച്ചേർത്ത് 'ഫിജിറ്റൽ' (ഫിസിക്കൽ + ഡിജിറ്റൽ) എന്ന കാഴ്ചപ്പാടോടു കൂടിയുള്ള സംരംഭമാണ് ഡൈനമേറ്റഡിന്റെ ഇനോവെൻഷൻ ഹബ്ബ്. ഹോളോഗ്രാഫി, ബ്ലോക്ക്ചെയിൻ, ഓഗ്മെന്റഡ് റിയാലിറ്റി തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച്, പേറ്റന്റഡ് സാങ്കേതികവിദ്യകൾ, ഡിസൈൻ, പ്രോസസ്സുകൾ എന്നിവയിലൂടെ ആകർഷകമായ ദൃശ്യാനുഭവ വിപ്ലവം സൃഷ്ടിക്കാൻ ഒരുങ്ങുകയാണ് ഡൈനമേറ്റഡ്. അതിശയ യാഥാർത്ഥ്യത്തിന്റെ യഥാർത്ഥ ലോകത്തേക്ക് കാഴ്ചക്കാരെ എത്തിക്കാനും ഇതിലൂടെ സാധിക്കും.

വിഷ്വൽ കമ്മ്യൂണിക്കേഷൻസ്, ഫ്യൂച്ചറിസം, ഹോളോഗ്രാഫി, സ്പേഷ്യൽ ഡിസൈനിംഗ്™ എന്നിവയുടെ ഗവേഷണത്തിലും വികസനത്തിലുമാണ് ഡൈനമേറ്റഡ് പ്രവർത്തിക്കുന്നത്. പ്രകൃതിയെയും ഭാവിയെയും പുതിയ സാങ്കേതിക യാഥാർത്ഥ്യത്തിലേക്ക് ലയിപ്പിക്കുക എന്നതാണ് ഡൈനമേറ്റഡിന്റെ ലക്ഷ്യം. സർഗ്ഗാത്മകതയിലേക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് റോബോട്ടിക്സ്, ക്വാണ്ടം കമ്പ്യൂട്ടിംഗ് എന്നിവ സംയോജിപ്പിച്ച് പുതിയ അനുഭവം പകർന്നു നൽകുകയാണ് ഡൈനമേറ്റഡ് ചെയ്യുന്നത്.
ഗവേഷകർ, സംരംഭകർ, ദീർഘവീക്ഷണമുള്ള ഉള്ളടക്ക സൃഷ്ടാക്കൾ തുടങ്ങിയവർക്കുള്ള തുറന്ന ക്ഷണമാണ് ഇനോവെൻഷൻ ഹബ്ബെന്ന് ഡൈനമേറ്റഡിന്റെ സ്ഥാപകൻ സി. ഖാൻ പറഞ്ഞു.

പരമ്പരാഗത അതിരുകൾക്കപ്പുറം കടന്ന് ഇനോവെൻഷൻ™ ഹബ്ബ് നൽകുന്ന പുതിയ യാഥാർത്ഥ്യങ്ങളും മാനങ്ങളും അനുഭവിക്കാൻ എല്ലാവരെയും സ്വാഗതം ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ്, ആലങ്ങാട് പഞ്ചായത്ത് പ്രസിഡന്റ് പി എ മനൂഫ്, ഡൈനമേറ്റഡ് എംഡി മെർലിൻ ടോപ്പോ തുടങ്ങിയവർ സംബന്ധിച്ചു.

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

പത്രക്കുറിപ്പ് 24.05.2025

## ഇൻവെസ്റ്റ് കേരള നിക്ഷേപ ഉച്ചകോടി; ആദ്യ പദ്ധതിയ്ക്ക് കൊച്ചിയിൽ പി രാജീവ് തറക്കല്ലിട്ടു

### ജിയോജിത്തിന്റെ ഐടി സമുച്ചയം രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാകും

കൊച്ചി: സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപ ഉച്ചകോടിയുടെ ഭാഗമായി വന്ന നിക്ഷേപ പദ്ധതിയായ ജിയോജിത്തിന്റെ ഐടി സമുച്ചയത്തിന് ഇൻഫോപാർക്ക് ഫേസ് രണ്ടിൽ വ്യവസായമന്ത്രി തറക്കല്ലിട്ടു. ഇൻവസ്റ്റ് കേരളയുടെ ഭാഗമായി വന്ന നിക്ഷേപ വാഗ്ദാനങ്ങളിൽ ആദ്യമായി സമാരംഭം കുറിക്കുന്ന പദ്ധതിയാണിത്.

ഇൻവസ്റ്റ് കേരളയുടെ ഭാഗമായി വന്ന 13 നിക്ഷേപ വാഗ്ദാനങ്ങൾക്ക് കൂടി ഈ മാസം തന്നെ തുടക്കമാകുമെന്നും അദ്ദേഹം പറഞ്ഞു.

ഇൻവസ്റ്റ് കേരള ഉച്ചകോടിയുടെ ഭാഗമായി ഐടി മേഖലയുൾപ്പെടെ 1.96 ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ലഭിച്ചതെന്ന് മന്ത്രി പറഞ്ഞു. ഇതിൽ 60 ശതമാനം യാഥാർത്ഥ്യമാകുമെന്നാണ് പ്രതീക്ഷ. ദേശീയ ശരാശരി 20 ൽ താഴെയാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ഇത് നേടുന്നതിന് ആഴ്ച തോറും അവലോകന യോഗങ്ങൾ കെഎസ്ഐഡിസിയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. ഇതു കൂടാതെ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്ന ഡാഷ് ബോർഡും സ്ഥാപിച്ചു കഴിഞ്ഞു.

വ്യാവസായിക വികസനത്തിനും നിക്ഷേപം ആകർഷിക്കുന്നതിനും സഹായകരമാകുന്ന സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. പാട്ടക്കാലാവധി 30 ൽ നിന്ന് 90 വർഷമാക്കിയത് ഇതിന്റെ ഭാഗമാണ്. പദ്ധതിനിർവഹണം വേഗത്തിൽ നടക്കുന്നതിന് ഫ്രെയിം വർക്കുകൾ അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത്.

ട്രാക്കോ കേബിളിന്റെ സ്ഥലം ഇൻഫോപാർക്കിന്റെ വികസനത്തിന് നൽകാൻ തീരുമാനമെടുത്തിരുന്നു. ഇതിന്റെ നിയമതടസ്സം മാറുന്ന മുറയ്ക്ക ഈ സ്ഥലം ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു. വിജ്ഞാന സമ്പദ് വ്യവസ്ഥയും പ്രതിഭയുള്ള തൊഴിൽശേഷിയുമാണ് കേരളത്തിന്റെ മൂലധനമെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ഈ മേഖലയിലുള്ള വ്യവസായങ്ങൾക്ക് വലിയ സാധ്യതകളാണുള്ളതെന്നും അദ്ദേഹം പറഞ്ഞു.

പാട്ടക്കാലാവധിയിലെ ആശയക്കുഴപ്പം നിമിത്തം മരവിപ്പിച്ചിരുന്ന പദ്ധതിയ്ക്കാണ് സർക്കാർ മുൻകയ്യെടുത്ത് നടപടി സ്വീകരിച്ചതിലൂടെ ജീവൻ വച്ചതെന്ന് ജിയോജിത്ത് ചെയർമാൻ സി ജെ ജോർജ്ജ് പറഞ്ഞു. ഇൻവസ്റ്റ് കേരളയിൽ വ്യവസായ സമൂഹം ഇക്കാര്യം പ്രത്യേകം ഉന്നയിച്ചിരുന്നു. വ്യവസായം വളരുന്നതിന് ആവശ്യമായ പരിഷ്കരണങ്ങൾ എടുക്കുന്നതിൽ മുൻകയ്യെടുത്ത മന്ത്രിയെയും അത് യാഥാർഥ്യമാക്കിയ സർക്കാരിനെയും അഭിനന്ദിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ജിയോജിത്തിന്റെ ഐടി-ഐടി അനുബന്ധ സേവനങ്ങളുടെ ആസ്ഥാനമന്ദിരമാണ് ഇൻഫോപാർക്ക് ഫേസ് രണ്ടിൽ ഉയരുന്നത്. 150 കോടി രൂപയുടെ നിക്ഷേപവും 2000 തൊഴിലവസരവും പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെടും. പതിനാറ് നിലകളിലായി 300,000 ചതുരശ്രയടി വലുപ്പമുള്ളതാണ് കെട്ടിടം. രണ്ട് വർഷത്തിനുള്ളിൽ പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ജില്ലാകളക്ടർ എൻ എസ് കെ ഉമേഷ്, കെഎസ്ഐഡിസി ജനറൽ മാനേജർ വർഗീസ് മാളാക്കാരൻ, കെഎസ്ഐഡിസി, ഇൻഫോപാർക്ക്, ജിയോജിത്ത് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

**Press Release**

## Invest Kerala Summit: Minister Rajeeve lays foundation stone for first project

- ***Geojit's IT complex at Kakkanad to be completed in two years***

**Kochi, May 24:** Industries Minister Shri P. Rajeeve today laid the foundation stone for real-estate major Geojit's IT complex at Infopark Phase-II, marking fast-paced implementation of the projects that came up at the Invest Kerala Global Summit (IKGS 2025) held here in February.

Significantly, this is the first project out of a large number of Expressions of Interest received at IKGS, organised by the state government, to have its foundation laid.

The IKGS had brought in investment proposals worth Rs 1.96 lakh-crore, including those in the IT sector. The Government expects that at least 60 per cent of these proposals will be realised, the Minister noted, adding that the national realisation average from similar investment summits was less than 20%.

Thirteen projects received at the IKGS will start this month itself, the Minister said at the ceremony in suburban Kakkanad.

To achieve the target, Kerala State Industrial Development Corporation (KSIDC) led weekly review meetings with the stakeholders. In addition, a dashboard has been set up to assess the progress of the projects.

The Minister said the government was taking "all possible steps" to facilitate industrial development and attract investment in the state. As part of this, the lease period has been increased from 30 years to 90. The project is being implemented on the basis of framework works to ensure speedy implementation, he added.

Recalling that it has been decided to use the land of PSU Traco Cable for the development of Infopark, the Minister said the plot will be made available as soon as possible amid smooth clearances of legal hurdles.

"Kerala's most valued capital is its talented workforce which is enabling to emerge as a knowledge economy. There is great potential for industries in this sector," he noted.

Geojit Chairman Shri C.J. George pointed out that the project was shelved due to some confusion regarding the lease period, but got it revived, thanks to the steps taken by the State Government. The industry community had specifically raised issues relating to the lease period at Invest Kerala Global Summit, Shri George recalled, hailing the minister for initiating reforms for the growth of industrial sector.

Ernakulam District Collector Shri N.S.K. Umesh and KSIDC General Manager Varghese

Malakkaran, besides top officials of KSIDC, Infopark and Geojit were present at the function.

The headquarters of the city-based Geojit's IT and IT-related services is coming up in Infopark Phase II. **The project, with an investment of Rs 150 crore, will have built-up area of 3 lakh square feet. The construction will be completed within two years. The facility is expected to generate 2000 employment.**

**ENDS**

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**PRESS RELEASE**

## EoIs from Invest Kerala Global Summit get underway: Minister Rajeeve

### Four proposals worth Rs 1,211 cr began in April; 8 projects to get under way this month

**Thiruvananthapuram, May 21:** Four projects for which EOIs were received in Invest Kerala Global Summit (IKGS) held at Kochi this February with a total outlay of Rs. 1,211 crores commenced in April, while 8 projects with an investment of Rs. 2,675 crores will have their foundation stones laid this month.

The 4 projects have the potential to generate 3,050 jobs. As many as 8,800 jobs will be created by the 8 projects.

Disclosing this at a press conference here today, Minister for Industries, Law and Coir Shri P Rajeeve said this clearly affirmed Kerala's standing as a premier investment destination with increased investor trust in the government.

Also, another five projects, with an investment outlay of Rs over 1,000 crore and the potential to generate 2,400 jobs, are slated to begin in June, he noted.

"The proactive steps taken by the government following IKGS 2025 underscore the state's strong commitment to investor facilitation and results-driven governance," Shri Rajeeve said.
"By combining transparent digital tools, decentralised execution, and policy reform, Kerala is setting a new benchmark for investment promotion and project implementation in the country," he added.

AI company Dynimated'sRs.800 crore project in Ernakulam, Joy Alukkas Group's residential and hospital project with an investment of Rs. 300 Cr in Ernakulam, Positive Chip Boards manufacturing unit in Ernakulam with an investment of Rs. 51 cr and MS Wood Alliance Park's manufacturing unit in Kannur with an investment of Rs. 60 cr are the four projects that came up at IKGS 2025 which commenced in April.

Kalyan Silks' Rs. 500.00 cr project in Thrissur, Athachi's Rs. 100 cr project in Palakkad, Sutherland's Rs. 1500 cr project at Kochi, Gasha Steels Rs. 110 Cr project at Palakkad, Krishna Institute of Medical Sciences' Rs. 200 Cr project at Kollam and Thrissur, Delta Aggregates – a Private Industrial Park in Pathanamthitta Rs. 15 cr project, Indraprastha's Rs. 100 cr project at Kochi, Geojit Financial Services Rs.150 cr project in Kochi are set to start by the end of May.

Among other major proposals that came up at IKGS 2025, the Genome Valley at Life Sciences Park with an investment of Rs. 3,800 crores in Thiruvananthapuram will commence construction shortly while Unity Mall at Thiruvananthapuram will be inaugurated in November, the Minister said.

Principal Secretary, Industries & Commerce, Shri APM Mohammed Hanish, KSIDC Executive Director Shri Harikrishnan R and KINFRA MD Shri Santhosh Koshy Thomas were also present.

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

A dedicated Advisory group, chaired by the Minister for Industries, has been formed for monitoring project implementation, coordinating across departments and resolving issues swiftly to enable seamless execution. Principal Secretary, Industries, is the Vice Chairman and Kerala State Industrial Development Corporation (KSIDC) MD the convener of this body, which has representatives of industry and trade bodies, renowned industrialists, and senior government officials as members.

A high-level policy reform meeting chaired by the Chief Minister is scheduled in June. The meeting will address the procedural and policy bottlenecks that affect investment implementation and focus on improving the overall Ease of Doing Business.

The Industrial Land Web Portal, https://industrialland.kerala.gov.in has been launched to create a database of land available in the state for industrial purposes, said the Minister. The portal will function like a matchmaking website where those who have land available for industrial purposes can list their information on it, he noted.

Another portal, developed by Kerala State Industrial Development Corporation (KSIDC), provides investors and departments with real-time updates and critical information about each proposal's implementation status. It also features a monthly progress report to ensure transparency and stakeholder accountability.

Out of some 450 EoIs (Expressions of Interest) received at IKGS, over 370 project-level meetings have been conducted so far, and updated status reports and photographs uploaded to the dashboard of IKGS portal.

Nodal officers have been granted direct access to the portal to update project milestones, including land status, construction commencement, commercial operations start dates, and all communications with promoters and departments. They are expected to complete one-on-one meetings with all project promoters by May 30, 2025.

The state government has also implemented a comprehensive and structured mechanism for EoI conversion to ensure effective follow-through on these investment proposals.

A five-step escalation protocol has been introduced to ensure the timely resolution of investor issues. These include: initial resolution at the nodal officer level; engagement with concerned department; formal communication if unresolved; escalation to the Secretary level; and, if still pending, final escalation to the minister concerned. This structured approach ensures accountability and responsiveness at every level of government interaction.

**Ends**

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**പത്രക്കുറിപ്പ്** **21.05.2025**

**ഐ.കെ.ജി.എസ്: നിക്ഷേപ പദ്ധതികൾ യാഥാർത്ഥ്യത്തിലേക്ക്; 1211 കോടിയുടെ 4 പദ്ധതികൾക്ക് തുടക്കമായി; മെയ് മാസത്തിൽ 8 പദ്ധതികൾ കൂടി തുടങ്ങും**

**തിരുവനന്തപുരം:** സംസ്ഥാന സർക്കാർ കൊച്ചിയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ താൽപര്യപത്രം ഒപ്പുവച്ച 4 നിക്ഷേപ പദ്ധതികൾക്ക് ആരംഭം കുറിച്ചതായി വ്യവസായ മന്ത്രി പി. രാജീവ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 1211 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾക്കാണ് തുടക്കമായത്. 2675 കോടിയുടെ 8 പദ്ധതികൾക്ക് മെയ് മാസം തന്നെ തറക്കല്ലിടും. നിക്ഷേപക സംഗമത്തിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ ആണിവ.

ജോയ് ആലുക്കാസ് ഗ്രൂപ്പിന്റെ റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് ആന്റ് ഹോസ്പിറ്റൽ (300 കോടി), പോസിറ്റീവ് ചിപ്പ് ബോർഡ്സ് (51 കോടി), എം. എസ് വുഡ് അലയൻസ് പാർക്ക് (60 കോടി), ഡൈനിമേറ്റഡ് (800 കോടി) എന്നീ പദ്ധതികളുടെ നിർമാണ പ്രവർത്തനങ്ങളാണ് ആരംഭിച്ചത്. 8 പദ്ധതികൾ കൂടി മെയ് മാസത്തിൽ നിർമ്മാണം ആരംഭിക്കും. കല്യാൺ സിൽക്സ്, അത്താച്ചി, സതർലാന്റ്, ഗാഷ സ്റ്റീൽസ്, കൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ഡെൽറ്റ അഗ്രഗേറ്റ്സ് ഇൻഡസ്ട്രിയൽ പാർക്ക്, ഇന്ദ്രപ്രസ്ഥ, ജിയോജിത് എന്നിവർ താൽപര്യപത്രം ഒപ്പു വച്ച 2675 കോടി രൂപയുടെ പദ്ധതികൾ മെയ് മാസത്തിൽ തന്നെ ആരംഭിക്കും. ജൂണിൽ 1117 കോടി രൂപയുടെ പദ്ധതികൾക്കും തുടക്കമാകും. ബ്ലൂസ്റ്റാർ, അവിഗ്ന, എയർപോർട്ട് ഗോൾഫ് വ്യൂ ഹോട്ടൽ, കെ ബോർഡ് റബ്ബർ, കൃഷ്ണ കല മെഡിക്കൽ സയൻസസ് എന്നിവരുടെ പദ്ധതികളാണ് ജൂണിൽ ആരംഭിക്കുന്നത്. ലൈഫ് സയൻസ് പാർക്കിലെ 60 ഏക്കറിൽ ജിനോം സിറ്റി മാതൃകയിൽ ജെ.വി വെഞ്ചേഴ്സ് 3800 കോടി രൂപ ബയോ മാനുഫായ്ചറിംഗ് മേഖലയിൽ നിക്ഷേപിക്കുന്ന പദ്ധതിയും ഉടനെ ആരംഭിക്കും. തോന്നക്കൽ കിൻഫ്ര പാർക്ക് ഈ മാസവും യൂണിറ്റി മാൾ നവംബറിലും ഉദ്ഘാടനം ചെയ്യുമെന്നും മന്ത്രി പി. രാജീവ് പറഞ്ഞു.

ഇതിന് പുറമേ ബ്ലൂസ്റ്റാർ റിയാൽട്ടേഴ്സ്, അൽഹിന്ദ്, എയർ പോർട്ട് ഗോൾഫ് വ്യൂ ഹോട്ടൽസ്, എസ്. എഫ്. ഒ ടെക്നോളജീസ്, കന്യോ ഹെൽത്ത്, അക്കോസ, ബി.എം.എച്ച് കെയർ ഹോസ്പിറ്റൽ, കൃഷ്ണകല ഹോസ്പിറ്റൽ, ഫ്യൂച്ചറിസ് ബൊത്തിക് ഹോസ്പിറ്റൽ തുടങ്ങിയവർ പ്രഖ്യാപിച്ച പദ്ധതികൾ വരും മാസങ്ങളിൽ തുടങ്ങും. പ്രധാന പദ്ധതികളുടെ നിർമ്മാണ പുരോഗതി വ്യവസായ മന്ത്രി നേരിട്ട് സന്ദർശിച്ച് വിലയിരുത്തും.

ഐ.കെ.ജി.എസിൽ പ്രഖ്യാപിച്ച പദ്ധതികളുമായി ബന്ധപ്പെട്ട് നയപരമായി എടുക്കേണ്ട തീരുമാനങ്ങളെക്കുറിച്ച് ആലോചിക്കുന്നതിന് ജൂണിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗംചേരും. നിക്ഷേപ താൽപര്യപത്രങ്ങളുടെ തത്സമയ ട്രാക്കിംഗിനായി വെബ് പോർട്ടൽ രൂപകൽപന ചെയ്ത് കഴിഞ്ഞ മാസം ഉദ്ഘാടനം ചെയ്തിരുന്നു. നിക്ഷേപകരുടെ പ്രശ് നങ്ങൾ സമയ ബന്ധിതമായി പരിഹരിക്കുന്നതിന് 5 ഘട്ടങ്ങളുള്ള എസ്കലേഷൻ പ്രോട്ടോക്കോളും തയ്യാറാക്കിയിട്ടുണ്ട്.

ഇതുവരെ 450 ലധികം കമ്പനികളിൽ നിന്നായി 1.96 ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ലഭിച്ചത്. 4.80 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള സാധ്യതയാണ് നിർദ്ദേശങ്ങളിലുള്ളത്. ഐ.ടി.- ഐ.ടി അനുബന്ധ മേഖലകളിലായി 29 കമ്പനികൾ 9,300 കോടി രൂപയുടെ നിക്ഷേപ താൽപര്യം അറിയിച്ചിട്ടുണ്ട്.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലെ നിക്ഷേപ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് ഉപദേശക സമിതി രൂപീകരിച്ചു. സംസ്ഥാന സർക്കാർ കൊച്ചിയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ലഭിച്ച നിക്ഷേപ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് ഉന്നതതല ഉപദേശക സമിതിക്ക് രൂപം നൽകി. നിക്ഷേപ വാഗ്ദാനങ്ങളുടെ വലിപ്പവും മേഖലകളുടെ വൈവിധ്യവും സാമ്പത്തിക പ്രാധാന്യവും വിലയിരുത്തി ഇവ സമയബന്ധിതമായി പൂർത്തിയാക്കുകയാണ് ഉപദേശക സമിതിയുടെ ലക്ഷ്യമെന്ന് വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു.

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

നിക്ഷേപ പദ്ധതികൾക്ക് സർക്കാർ തലത്തിൽ എല്ലാ സഹായവും നൽകുക, ചുവപ്പുനാടയിൽ കുടുങ്ങാതെ ആവശ്യമായ അനുമതികൾ ലഭ്യമാക്കുക, കാലതാമസം ഇല്ലാതെ പദ്ധതി നിശ്ചിത സമയപരിധിക്കുള്ളിൽ യാഥാർത്ഥ്യമാക്കുക തുടങ്ങിയവയാണ് സമിതിയുടെ ചുമതല. വ്യവസായ മന്ത്രി പി രാജീവാണ് സമിതി അധ്യക്ഷൻ. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വൈസ് ചെയർമാനും കെഎസ്ഐഡിസി മാനേജിങ് ഡയറക്ടർ കൺവീനറുമാണ്. സമിതിയിലെ മറ്റ് അംഗങ്ങൾ: ചെയർമാൻ, സിഐഐ - കേരളം, ചെയർമാൻ, ഫിക്കി - കേരളം, ചെയർമാൻ, കെഎസ്എസ്ഐഎ - കേരളം, സി ബാലഗോപാൽ , കെഎസ്ഐഡിസി ചെയർമാൻ, അജു ജേക്കബ്, എം ഡി - സിന്തൈറ്റ് ആൻഡ് കെഎസ്ഐഡിസി ബോർഡ് മെമ്പർ, സി ജെ ജോർജ്, സി എം ഡി ജിയോജിത്ത് ആൻഡ് കെഎസ്ഐഡിസി ബോർഡ് മെമ്പർ, വി കെ മാത്യൂസ്, ചെയർമാൻ ഐബിഎസ് ആൻഡ് കെഎസ്ഐഡിസി ബോർഡ് മെമ്പർ, വ്യാപാര-വ്യവസായ ഡയറക്ട്രേറ്റ് ഡയറക്ടർ, കിൻഫ്ര മാനേജിങ് ഡയറക്ടർ.

ഉപദേശക സമിതി കൃത്യമായ ഇടവേളകളിൽ നിക്ഷേപ പദ്ധതികളുടെ പുരോഗതി വിലയിരുത്തും. പദ്ധതി നിർവ്വഹണത്തിന്റെ എല്ലാ ഘട്ടങ്ങളും സമിതി നിരീക്ഷിക്കുകയും വിവിധ വകുപ്പുകൾക്കിടയിലുള്ളതും ഏജൻസികൾക്കിടയിലുള്ളതുമായ സഹകരണം ഉറപ്പുവരുത്തുകയും ചെയ്യും. പദ്ധതിയുടെ പ്രാധാന്യവും നടപ്പിലാക്കുന്നതിലെ തടസങ്ങളും കണക്കിലെടുത്ത് ബന്ധപ്പെട്ട വകുപ്പിലെ സെക്രട്ടറിയേയും ആവശ്യമെങ്കിൽ മറ്റ് മേഖലകളിൽ നിന്ന് പ്രത്യേക ക്ഷണിതാക്കളെയും സമിതിൽ ഉൾപ്പെടുത്തുമെന്നും മന്ത്രി പി. രാജീവ് പറഞ്ഞു.

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**Press Release**

**Invest Kerala Summit: NDR Warehousing forays into Kerala with ₹250-cr investment**

- **4–5 lakh sq. ft. of automated warehousing space to be developed in Aluva**

**Kochi, May 30***:* Marking its foray into Kerala as a leading provider of industrial spaces and logistics infrastructure, NDR Warehousing has acquired around 16 acres of land in Aluva to build nearly five lakh square feet of Grade-A storing space, taking forward the company's promise made at the Invest Kerala Global Summit (IKGS) held here in February.

The plots have been acquired under two SPVs: NDR Store well Warehousing LLP (8 acres) and NDR Space Private Limited (8.39 acres). With a proposed investment of Rs 250 crore in FY25, the project will be a state-of-the-art semi- to-fully-automated facility, leveraging high-precision mechanical systems to optimise inventory and stock management.

Industries Minister Shri P Rajeeve visited the site and held discussions with top NDR officials. "This project is an example of the government's continuous efforts to attract high-quality investments and create an environment conducive for industrial growth," he noted.

The facility is coming up amid a growing demand in FMCG, pharmaceutical and third-party logistics in the region.

The NDR project will create employment for 150 to 200 skilled professionals besides around 25 unskilled workers, contributing to local economic growth and industrial development. Certified by EDGE, the project will go by the norms of sustainable development, according to senior officials of the four-decade-old NDR, based in Chennai.

The Aluva facility will set new benchmarks in Kerala's logistics sector, offering scalable and modern infrastructure to support the state's evolving supply chain needs, said NDR Chief Executive Officer Raj Srinivasan. NDR Warehousing is evaluating the future development of a commercial or mixed-use facility as its long-term vision for the region, he added.

"Kerala's strategic location, rising consumption demand and improving infrastructure make the state a key market for modern warehousing," Raj noted. "Our investment in Aluva is a long-term commitment to supporting Kerala's industrial and logistics ecosystem. This facility will enable our clients to operate efficiently in southern India while creating tangible value for the local community."

The 1986-founded NDR offers modern infrastructure that addresses Kerala's expanding distribution network needs. The company partners with global brands by offering cost-effective supply chain solutions, reinforcing the country's position as a logistics hub.

**ENDS**

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

പത്രക്കുറിപ്പ് 30.05.2025

## ഇൻവസ്റ്റ് കേരള പദ്ധതി; എൻഡിആർ വെയർഹൗസിങ് കേരളത്തിലേക്ക്

- **ആലുവയിൽ 250 കോടി രൂപയുടെ നിക്ഷേപവും 200 ലേറെ തൊഴിലവസരം**

**കൊച്ചി:** വ്യാവസായിക ഇടങ്ങളും ലോജിസ്റ്റിക്സ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്ന ഇന്ത്യയിലെ പ്രമുഖ കമ്പനിയായ എൻഡിആർ വെയർഹൗസിംഗ് ആലുവയിൽ 16 ഏക്കർ സ്ഥലം ഏറ്റെടുത്തു കൊണ്ട് പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി. ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപ ഉച്ചകോടി വഴിയാണ് ഈ പദ്ധതി സംസ്ഥാനത്തെത്തുന്നത്.

എൻഡിആർ സ്റ്റോർവെൽ വെയർഹൗസിങ് എൽഎൽപി (8 ഏക്കർ), എൻഡിആർ സ്പേസ് പ്രൈവറ്റ് ലിമിറ്റഡ് (8.39 ഏക്കർ) എന്നീ സ്പെഷ്യൽ പർപസ് വെഹിക്കിൾ വഴിയാണ് സ്ഥലം ഏറ്റെടുത്തിരിക്കുന്നത്.

വ്യവസായമന്ത്രി പി രാജീവ് ആലുവയിലെ സ്ഥലം സന്ദർശിച്ച് കമ്പനി അധികൃതരുമായി ചർച്ച നടത്തി. ഉയർന്ന നിലവാരമുള്ള നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനും വ്യാവസായിക വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം ഒരുക്കുന്നതിനും സർക്കാർ നടത്തുന്ന തുടർച്ചയായ ശ്രമങ്ങൾക്ക് ഇത് ഉദാഹരണമാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

വിഴിഞ്ഞം തുറമുഖത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ തന്ത്രപരമായ സ്ഥാനം, വർദ്ധിച്ചുവരുന്ന ഉപഭോഗം, മെച്ചപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ആധുനിക വെയർഹൗസിംഗ് മേഖലയിലെ പ്രധാന വിപണിയാക്കി സംസ്ഥാനത്തെ മാറ്റുന്നുവെന്ന് എൻഡി ആർ വെയർഹൗസിങ് സിഇഒ രാജ് ശ്രീനിവാസൻ പറഞ്ഞു. ആലുവയിലെ നിക്ഷേപ പദ്ധതി കേരളത്തിന്റെ വ്യാവസായിക, ലോജിസ്റ്റിക്സ് ആവാസവ്യവസ്ഥയെ പിന്തുണയ്ക്കുന്നതിനുള്ള ദീർഘകാല പ്രതിബദ്ധതയാണ്. ഉപഭോക്താക്കൾക്ക് ദക്ഷിണേന്ത്യയിൽ കാര്യക്ഷമമായി പ്രവർത്തിക്കാനും പ്രാദേശിക സമൂഹത്തിന് മെച്ചമുണ്ടാക്കാനും സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

നാല് മുതൽ അഞ്ച് ലക്ഷം വരെ ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഗ്രേഡ് എ വെയർഹൗസിങ് സൗകര്യത്തിലൂടെ വർദ്ധിച്ചുവരുന്ന എഫ്എംസിജി, ഫാർമസ്യൂട്ടിക്കൽ, തേർഡ്-പാർട്ടി ലോജിസ്റ്റിക്സ് ആവശ്യകതകൾ നിറവേറ്റാൻ സഹായിക്കും.

ഈ സാമ്പത്തിക വർഷം മാത്രം 250 കോടി രൂപയുടെ നിക്ഷേപമാണ് പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്നത്. സെമി-ഫുൾ ഓട്ടോമേറ്റഡ് സംവിധാനങ്ങളുള്ള അത്യാധുനിക സൗകര്യങ്ങളുള്ള കേന്ദ്രമായിരിക്കും. ചരക്കിന്റെയും സ്റ്റോക്കുകളുടെയും ഫലപ്രദമായ വിനിയോഗത്തിനായി നൂതനമായ മെക്കാനിക്കൽ സംവിധാനങ്ങൾ ഇവിടെയുണ്ടാകും. എഡ്ജ്(ഇഡിജിഇ) സർട്ടിഫിക്കേഷൻ ലഭിക്കുന്ന ഈ പദ്ധതി സുസ്ഥിര വികസനത്തിന് വഴിയൊരുക്കും. സംസ്ഥാനത്തിന്റെ വികസിച്ചുകൊണ്ടിരിക്കുന്ന വിതരണ ശൃംഖല ആവശ്യങ്ങൾക്ക് പൂർണ പരിഹാരമാകുന്ന ആധുനികവുമായ അടിസ്ഥാന സൗകര്യങ്ങളാണ് എൻഡിആർ വാഗ്ദാനം ചെയ്യുന്നത്.

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**Press Release**

## Investment Summit: WGH begins work on five-star hotel in Nedumbassery

- **World Group announces investment of Rs 500 crore in next five years**

**Kochi, May 26**: Hospitality major WGH Hotels and Resorts has begun construction of a five-star hotel in the vicinity of Cochin international Airport at Nedumbassery, taking forward the massive investment proposals it made at the Invest Kerala Global Summit (IKGS 2025) held here in February.

The project comes as part of the announcement of World Group Heritage (WGH) at theIKGS to implement investment projects worth Rs 500 crore in the state's hospitality sector in the next five years, WGH Managing Director Shri J Jayakrishnan informed Industries Minister Shri P Rajeeve on the latter's visit to the site today.

The Minister said a recent surge in the big construction projects reflected the faith of global hospitality brands in Kerala's industrial environment. As Kerala tops the country's number of five-star hotels, the state ought to enjoy its results by also generating more skilled hands in the tourism sector, he noted after assessing the progress of work at WGH Hotels & Resorts'opulent hospitality facility.

The Nedumbassery project is expected to attract an investment of Rs 250 crore, creating 1,050 jobs. The hotel, with an area of 1.75 lakh square feet, will have 120 rooms with state-of-the-art facilities, besides six food-and-beverage outlets and conference facilities.

WGH, which has been operating in the state's hospitality sector since 2012, has announced new international standard projects with modern facilities in Kochi, besides Varkala, Thiruvananthapuram and Ashtamudi, along with resorts operating in coastal Alappuzha as well as hilly Munnar and Thekkady.

The Nedumbassery hotel complex will be inaugurated on January 1, 2028, Shri Jayakrishnan revealed, adding that Kerala's infrastructure development and progressive tourism policies are an "inspiration" for new investments.

The World Group, which started in the construction industry and has expanded into DRI, retail, logistics, consulting and agriculture, is headquartered in Odisha. It has invested over Rs 250 crore in Kerala's hospitality sector over the last two years. The group's next phase plans expect an invest of Rs 400 crore to set up resorts, besides an international standard hospitality college in Kochi and a chain of vegetarian hotels across the state. The resorts in Varkala and Ashtamudi will start operations from 2027.

**ENDS**

KSIDC
Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**പത്രക്കുറിപ്പ്** **26.05.2025**

## ഇൻവസ്റ്റ് കേരള ആഗോളനിക്ഷേപ സംഗമത്തിലെ വാഗ്ദാന പദ്ധതിയായ ഡബ്ല്യുഎച്ച്ജി പഞ്ചനക്ഷത്ര ഹോട്ടൽ നിർമാണമാരംഭിച്ചു

### അടുത്ത അഞ്ച് വർഷത്തിനുള്ളിൽ അഞ്ഞൂറ് കോടിയുടെ നിക്ഷേപം പ്രഖ്യാപിച്ച് ഒറീസയിലെ വേൾഡ് ഗ്രൂപ്പ്

**കൊച്ചി:** ഇൻവസ്റ്റ് കേരള ആഗോളനിക്ഷേപ സംഗമത്തിലെ വാഗ്ദാന പദ്ധതിയായ ഡബ്ല്യുഎച്ച്ജി പഞ്ചനക്ഷത്ര ഹോട്ടൽ നിർമാണം നെടുമ്പാശേരിയിൽ നിർമ്മാണമാരംഭിച്ചു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 500 കോടി രൂപ യുടെ നിക്ഷേപപദ്ധതികൾ സംസ്ഥാനത്തെ ഹോസ്പിറ്റാലിറ്റി മേഖലയിൽ വേൾഡ് ഗ്രൂപ്പ് നടപ്പാക്കുമെന്ന് ഹോട്ടൽ നിർമ്മാണ സ്ഥലം സന്ദർശിച്ച വ്യവസായമന്ത്രി പി രാജീവിനെ പദ്ധതി ഡയറക്ടർ ജെ ജയകൃഷ്ണൻ അറിയിച്ചു.

ആഗോള ഹോസ്പിറ്റാലിറ്റി ബ്രാൻഡുകൾക്ക് കേരളത്തിലെ വ്യവസായിക അന്തരീക്ഷത്തിലുള്ള ഉറച്ച വിശ്വാസമാണ് വൻകിട പ്രോജക്ടുകളുടെ നിർമ്മാണത്തിലൂടെ കാണാനാവുന്നതെന്ന് വ്യവസായമന്ത്രി പി രാജീവ് പറഞ്ഞു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 500 കോടി രൂപയുടെ നിക്ഷേപപദ്ധതികൾ സംസ്ഥാനത്തെ ഹോസ്പിറ്റാലിറ്റി മേഖലയിൽ വേൾഡ് ഗ്രൂപ്പ് നടപ്പാക്കുമെന്ന പ്രഖ്യാപനം സംസ്ഥാനത്തിന്റെ മികച്ച വ്യവസായസൗഹൃദ അന്തരീക്ഷത്തിന്റെ തെളിവാണ്.

രാജ്യത്ത് ഏറ്റവും കൂടുതൽ പഞ്ചനക്ഷത്ര ഹോട്ടലുകൾ കേരളത്തിലാണ്. ഈ തൊഴിൽ സാഹചര്യം ഉപയോഗപ്പെടുത്താൻ ഹോസ്പിറ്റാലിറ്റി മേഖലയിൽ നൈപുണ്യശേഷിയുള്ളവർ കേരളത്തിൽ തന്നെയുണ്ടാകണം. ഡബ്ല്യുജിഎച്ച് ഗ്രൂപ്പ് പഞ്ചനക്ഷത്ര ഹോട്ടലിനൊപ്പം ഹോസ്പിറ്റാലിറ്റി കോളേജും ആരംഭിക്കാൻ പോകുന്നത് ഇതിലേക്കുള്ള കാൽവയ്പാണെന്നും അദ്ദേഹം പറഞ്ഞു.

ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപ ഉച്ചകോടിയിൽ അവതരിപ്പിക്കപ്പെട്ട ഡബ്ല്യുഎച്ച്ജി യുടെ കൊച്ചി നെടുമ്പാശേരിയിലെ പദ്ധതിയ്ക്ക് മാത്രം 250 കോടി രൂപയാണ് നിക്ഷേപം പ്രതീക്ഷിക്കുന്നത്. 1050 തൊഴിലവസരങ്ങൾ ഇതുവഴി സൃഷ്ടിക്കാനാകും. 1.75 ലക്ഷം ചതുരശ്രയടി സ്ഥലമാണ് പുതിയ ഹോട്ടലിനുണ്ടാകുന്നത്. പദ്ധതിയിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 120 മുറികളും ആറ് ഫുഡ് ആൻഡ് ബീവറേജ് ഔട്ട്ലെറ്റുകളും, കോൺഫറൻസ് സംവിധാനങ്ങളും ഉൾപ്പെടുന്നു.

2012 മുതൽ സംസ്ഥാനത്തെ ഹോസ്പിറ്റാലിറ്റി രംഗത്ത് പ്രവർത്തിക്കുന്ന ഡബ്ല്യു ജി എച്ചിന് ആലപ്പുഴ, മുന്നാർ, തേക്കടി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾക്കൊപ്പം കൊച്ചി, വർക്കല, തിരുവനന്തപുരം, അഷ്ടമുടി എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ അന്താരാഷ്ട്ര നിലവാരത്തിലുള്ള പുതിയ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്.

നെടുമ്പാശ്ശേരിയിലെ ഹോട്ടൽ സമുച്ചയത്തിന്റെ ഉദ്ഘാടനം 2028 ജനുവരി ഒന്നിന് നിർവഹിക്കുമെന്ന പ്രഖ്യാപനവും ഡയറക്ടർ ജെ ജയകൃഷ്ണൻ നടത്തി. കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും പുരോഗമനപരമായ ടൂറിസം നയങ്ങളും പുതിയ നിക്ഷേപങ്ങൾക്ക് പ്രചോദനമാണെന്ന് അദ്ദേഹം പറഞ്ഞു.

ഉദ്ഘനന വ്യവസായത്തിൽ തുടങ്ങി ആരംഭിച്ച് ഡി.ആർ.ഐ, റീട്ടെയിൽ, ലോജിസ്റ്റിക്സ്, കൺസൾട്ടിംഗ്, കൃഷി എന്നീ മേഖലകളിലേക്ക് വ്യാപിച്ച വേൾഡ് ഗ്രൂപ്പ് ഒറീസ ആസ്ഥാനമായാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ രണ്ട് വർഷത്തിനിടെ 250 കോടിയിലധികം രൂപ കേരളത്തിലെ ഹോസ്പിറ്റാലിറ്റി മേഖലയിൽ നിക്ഷേപിച്ചിട്ടുണ്ട്. അടുത്ത ഘട്ടത്തിൽ 400 കോടിയുടെ നിക്ഷേപത്തോടെ പുതിയ റിസോർട്ടുകൾ, കൊച്ചിയിലെ അന്താരാഷ്ട്ര നിലവാരമുള്ള ഹോസ്പിറ്റാലിറ്റി കോളേജ്, സംസ്ഥാനത്തുടനീളം വെജിറ്റേറിയൻ ഹോട്ടൽ ശൃംഖല എന്നിവയ്ക്ക് രൂപം നൽകുകയാണ് ലക്ഷ്യം. വർക്കല, അഷ്ടമുടി എന്നിവിടങ്ങളിലെ റിസോർട്ടുകൾ 2027 മുതൽ പ്രവർത്തനം ആരംഭിക്കും.